# മീശ



## എസ്.ഹരീഷ്

പുലയക്രിസ്ത്യാനിയായ പവിയാന്റെ മകൻ വാവച്ചൻ മീശ വളർത്താൻ ഒരുമ്പെട്ടത് നാട്ടിലെങ്ങും വിവാദമായി. മീശയുടെ ചുറ്റും മധ്യതിരുവിതാംകൂറിന്റെ ചരിത്രം വട്ടമിട്ടു പറന്നു. നാട്ടിലെ പെണ്ണുങ്ങളും മൃഗങ്ങളും ജലജീവികളും പ്രകൃതിയും മീശയിൽ കുരുങ്ങി. പോലീസും അധികാരികളും ജന്മിമാരും മീശയെ ഭയന്നു. ഐതിഹ്യങ്ങളിലും വായ്പ്പാട്ടുകളിലും മീശ പടർന്നു. തന്റെ ഉടമയെക്കാളും വളർന്ന മീശ ദേശത്തിനുമുകളിൽ കറുത്ത മേലാപ്പ് തീർത്തു. മീശയെയും മീശയോടൊപ്പം വളർന്ന ഒരു കാലത്തെയും അഗാധമായി അടയാളപ്പെടുത്തുകയാണ് ആധുനിക ക്ലാസിക് നോവലെന്ന് വിശേഷിപ്പിക്കാവുന്ന ഈ നോവലിൽ.


കവർ ഡിസൈൻ - സൈനുൽ ആബിദ്

ഡിസി ബുക്സ്

www.dcbooks.com

നോവൽ

ISBN 978-81-264-7737-1

E-book available

₹ 350


എസ്.ഹരീഷ് • മീശ

DCB

കേരളസാഹിത്യ അക്കാദമി അവാർഡ് നേടിയ കൃതി



THE JCB PRIZE FOR LITERATURE 2020 Winner

14-ാം പതിപ്പ്

# മീശ

## എസ്.ഹരീഷ്

DCB

College Of Avian Sciences & Management
LIBRARY
KVASU Thiruvazhamkunnu-678 601

1718

College Of Avian Sciences & Management
LIBRARY
KVASU Thiruvazhamkunnu-678 601

COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

Acc. No. 1718 Call No.

This book should be returned on or before the date last given below.

| | | |
|---|---|---|
| | | |

## എസ്. ഹരീഷ്

കോട്ടയം ജില്ലയിലെ നീണ്ടൂരിൽ ജനിച്ചു. കേരളസാഹിത്യ അക്കാദമിയുടെ ഗീതാഹിരണ്യൻ എൻഡോവ്മെന്റ് ലഭിച്ച *രസവിദ്യയുടെ ചരിത്രം* ആദ്യ കഥാസമാഹാരം. തോമസ് മുണ്ടശ്ശേരി കഥാപുരസ്കാരം, വി. പി. ശിവകുമാർ സ്മാരക കഥാപുരസ്കാരം എന്നിവ നേടിയിട്ടുണ്ട്. 2016-ലെ കേരളസാഹിത്യ അക്കാദമി അവാർഡ് *ആദം* എന്ന കഥാസമാഹാരത്തിനു ലഭിച്ചു. 'മീശ'യ്ക്ക് കേരളസാഹിത്യ അക്കാദമി അവാർഡും ഇംഗ്ലീഷ് പരിഭാഷയ്ക്ക് 2020-ലെ *ജെസിബി അവാർഡും* ലഭിച്ചു. റവന്യൂ ഡിപ്പാർട്ട്മെന്റിൽ ജോലി.

എസ്. ഹരീഷിന്റെ ഞങ്ങൾ പ്രസിദ്ധീകരിച്ച കൃതികൾ

*നോവൽ*
മീശ

*കഥ*
ആദം
അപ്പൻ
രസവിദ്യയുടെ ചരിത്രം

എസ്. ഹരീഷിന്റെ പുസ്തകങ്ങൾ പരിചയപ്പെടാൻ ക്യു ആർ കോഡ് സ്കാൻ ചെയ്യൂ.

## എസ്. ഹരീഷ്

# മീശ

ഡി സി ബുക്സ്

Malayalam Language
Meesa

Novel
*by* S. Hareesh

Rights Reserved

First Published July 2018
This edition – October 2021

Publishers
D C Books, Kottayam 686 001
Kerala State, India
Literature News Portal: www. dcbooks. com
Online Bookstore: www.dcbookstore.com
e-bookstore: ebooks. dcbooks. com
Customercare: customercare@dcbooks. com, 7290092216

Distributors
D C Books-Current Books
INDIA

D C Books Library Cataloguing in Publication Data
Hareesh, S.
Meesa/S. Hareesh.
328 p., 21 cm
ISBN 978-81-264-7737-1
1. Malayalam Novel I. Title.
894.812 3-dc 22

No part of this publication may be reproduced, or transmitted in any form or by any means, without prior written permission of the publisher.

ISBN 978-81-264-7737-1

Printed in India
at D C Press, Kottayam, INDIA.

D C BOOKS The first Indian Book Publishing House to get ISO Certification

625/21-22-Sl. No.22102-dcb 6993-(14)2000-7002-10-21-hn 60-p ag-r(t) ga-d(t) ga

# കഥാപാത്രങ്ങളും ഞാനും

എനിക്ക് ഏറ്റവും പേടിയും ബഹുമാനവുമുള്ളത് കഥാപാത്രങ്ങളെയാണ്. അവരെ ഭയന്ന് ഞാൻ ഒരിക്കൽ പ്രസിദ്ധീകരിച്ച കഥ പിന്നെ സമാഹാരങ്ങളിലൊന്നും ചേർക്കാതിരുന്നിട്ടുണ്ട്.

പത്തുപതിനഞ്ച് വർഷം മുൻപാണ് സംഭവം. അതും മാതൃഭൂമി ആഴ്ചപ്പതിപ്പാണ് പ്രസിദ്ധീകരിച്ചത്. അരപ്പിരിയെന്ന് പറയാവുന്ന തരക്കാരായ നാല് ആണുങ്ങൾ ഒരു മദ്ധ്യവേനലവധി ഒരുത്തന്റെ വീട്ടിൽ താമസിച്ച് ആഘോഷവും ഭ്രാന്തുമാക്കുന്നതാണ് കഥ. അതിലൊരുത്തൻ രാത്രി ഒരുമണിക്ക് കട്ടൻചായ കുടിക്കാൻ തെരുവിലിറങ്ങുന്ന ഭാഗമുണ്ട്. പെട്ടെന്ന് ആശാനൊരു തോന്നൽ—എന്നാൽ തിരുവനന്തപുരത്തു പോയി ചായകുടിച്ചാലെന്താ കുഴപ്പം? ഒട്ടുംതാമസിക്കാതെ എറണാകുളത്തുനിന്നും കിട്ടിയ തീവണ്ടിക്ക് തിരുവനന്തപുരത്തിറങ്ങി ഒരു വെറും ചായമാത്രം കഴിച്ച് അടുത്തവണ്ടിക്ക് തിരിച്ചെത്തി. കഥ അച്ചടിച്ചുവന്ന അന്ന് കഥാപാത്രം എന്റെയൊരു സുഹൃത്തിനെ മഹാരാജാസ് കോളേജ് ഗ്രൗണ്ടിൽ രാത്രി ഓടിച്ചുപിടിച്ച് ഒരു വെസ്പാ സ്കൂട്ടറിൽ നീണ്ടൂർക്ക് വന്നു. അർദ്ധരാത്രി കല്ലറ മുതൽ നാലുകിലോമീറ്റർ വഴിയരികിലുള്ള വീടുകളിലെല്ലാം കൊട്ടിവിളിച്ച് കഥാകൃത്തിന്റെ വീടന്വേഷിച്ചാണ് വരവ്. പോത്ത് ഓടിയപോലായി അവസ്ഥ. പിൻവാതിലുകൾവഴി ജാരന്മാരും ബ്ലേഡുകാരുടെ വരവ് കാത്തിരുന്ന പാവങ്ങളും ഓടിരക്ഷപ്പെട്ടു. അവസാനം ലക്ഷ്യസ്ഥാനത്തെത്തി വീട്ടിൽനിന്ന് ഒരു കട്ടൻചായ കുടിച്ച് പ്രതികാരംതീർത്താണ് അദ്ദേഹം തിരികെപ്പോയത്. മറ്റൊരു കഥാപാത്രം നേരിൽ കണ്ടപ്പോൾ എന്റെ തോളിൽ ഒന്നടിച്ച് ഇനിയെഴുതിയാൽ ഇതായിരിക്കില്ല അനുഭവമെന്ന് താക്കീത് ചെയ്തു.

എന്നാൽ, വർഷങ്ങൾക്കിപ്പുറം ഈ നോവലിലെ ഒരദ്ധ്യായത്തിലെ ഏതാനും സംഭാഷണശകലങ്ങൾ നിർഭാഗ്യവശാൽ പ്രശ്നമായപ്പോൾ ഈ രണ്ടുപേരും എന്നെ തുണച്ചു. ചായകുടിക്കാരൻ ഓസ്ട്രേലിയയിൽനിന്ന് പഴയ കഥയുടെ കോപ്പി ഫേസ്ബുക്കിൽ പോസ്റ്റു ചെയ്ത് ഇവൻ ഒരു പുരുഷവിരുദ്ധകഥകൂടി എഴുതിയിട്ടുണ്ടെന്നു പറഞ്ഞു. മറ്റേയാൾ മൊബൈലിൽ വിളിച്ച് നീ പേടിക്കേണ്ടടാ, എന്നെപ്പറ്റി വേണമെങ്കിൽ ഇനിയുമെഴുതിക്കോ എന്നാശ്വസിപ്പിച്ചു.

കഥാപാത്രങ്ങളെ എഴുത്തുകാർ ആദരിക്കേണ്ടതുണ്ട്. ബഹുവിധമാനങ്ങളുള്ള അവരുടെ ജീവിതത്തിലെ ഒരു മാത്രയെ ഞാൻ കഥയാക്കിച്ചുരുക്കുമ്പോൾ അവരെന്നെ കനിവോടെ നോക്കുകയാണ്. അച്ഛൻ, കുട്ടിയുടെ കളികാണുന്നതുപോലെ. ഇനി ആ ഒരു മാത്രയിൽപോലും

അവർ എഴുത്തുകാരെ ബഹുദൂരം മറികടക്കുന്നുണ്ട്. പയ്യനെയും ചാത്തൻസിനെയും വി. കെ. എൻ. ആദരവോടെ കണ്ടിട്ടുണ്ടെന്ന് എനിക്കുറപ്പുണ്ട്. ചന്ത്രക്കാരനെ സി. വി.യും സീതയെ ആശാനും അങ്ങനെയായിരിക്കും കണ്ടത്.

കഥപറച്ചിൽ ജനാധിപത്യത്തിന്റെ ഉയർന്ന രൂപമാണ്. എന്നെ മറ്റുള്ളവർക്കുവേണ്ടി ഒരു കഥയായി ആവിഷ്കരിക്കണമെന്ന തോന്നലാണത്. ഉയർന്ന പൗരബോധവും ജനാധിപത്യബോധവുമുള്ള സ്വതന്ത്ര രാജ്യങ്ങളാണ് നോവലുകൾ. അവിടെ കഥാപാത്രങ്ങൾ എഴുത്തുകാരുടെ പിടിയിൽ നിന്നാൽ കഥ തീർന്നു! സ്വതന്ത്രരായ മനുഷ്യർ ജീവിതത്തിലായാലും കഥയിലായാലും എപ്പോഴും യുക്തിപൂർവ്വവും കാര്യകാരണസഹിതവും പെരുമാറണമെന്നും സംസാരിക്കണമെന്നുമില്ല. രാഷ്ട്രീയശരികൾമാത്രം പറയുകയും ഇപ്പോൾ സംസാരിക്കുന്നതിന് കൃത്യമായ തുടർച്ച പിന്നെ ജീവിതത്തിലുണ്ടാക്കണമെന്ന് നിർബ്ബന്ധം പിടിക്കുകയും ചെയ്യുന്ന ആരെയും ഞാൻ കണ്ടുമുട്ടിയിട്ടില്ല. നമുക്കങ്ങനെ ആഗ്രഹിക്കാം. പക്ഷേ, അത് അസംഭവ്യമാണ്. ജീവിതവും കഥയും അസംബന്ധങ്ങൾ പറയാനുള്ളതുകൂടിയാണ്.

മീശയിലെ കഥാപാത്രങ്ങളെയും എനിക്ക് ആദരവും പേടിയുമാണ്. മീശ മരിച്ചതിനു ശേഷമാണ് എനിക്കിത് എഴുതാൻ ധൈര്യംപോലുംവന്നത്. അല്ലെങ്കിൽ മൂപ്പർ കേട്ടറിഞ്ഞ് എനിക്കിട്ട് രണ്ട് പൊട്ടിച്ചേനെ. പിന്നെ സ്നേഹിച്ചേനെ.

രണ്ടാമദ്ധ്യായത്തിൽ മാത്രമല്ല, ഇതിൽ പലയിടത്തും കഥാപാത്രങ്ങൾ സ്ത്രീവിരുദ്ധമായും മനുഷ്യവിരുദ്ധമായുമൊക്കെ സംസാരിക്കുന്നുണ്ട്. തെറിവിളിക്കുന്നുണ്ട്. അതുകൊണ്ട് അതിൽ പ്രതിഷേധിച്ചവരോട് എനിക്ക് ഇപ്പോൾ വിരോധമൊന്നുമില്ല. മറിച്ച് സങ്കടമുണ്ട്. കൂടാതെ അവരോട് ഞാൻ യോജിക്കുകയും ചെയ്യുന്നു. ആ കഥാപാത്രങ്ങളുടെ തികച്ചും സ്ത്രീവിരുദ്ധമായ സംഭാഷണങ്ങൾക്കെതിരായ-പ്രതിഷേധവും അമർഷവും ഞാനുമിവിടെ രേഖപ്പെടുത്തുന്നു. ആ കഥാപാത്രങ്ങൾ കുറേക്കൂടി സൂക്ഷ്മത പാലിക്കേണ്ടതായിരുന്നു. പക്ഷേ, നോവലുകൾ സ്വതന്ത്രരാജ്യങ്ങളായതുകൊണ്ട് എഴുത്തുകാരനതിൽ പ്രത്യേകിച്ചൊന്നും ചെയ്യാനില്ല.

മനുഷ്യരുടെ വിചിത്രകഥകൾ കേൾക്കുമ്പോഴും അറ്റമില്ലാത്ത പാടങ്ങൾ കാണുമ്പോഴും അല്പം ഭ്രാന്തായിപ്പോകുന്ന അവസ്ഥയുണ്ട് ഈയുള്ളവന്. അതിനുള്ള ചികിത്സയുടെ ഭാഗമായിരുന്നു ഈ നോവലിന്റെ എഴുത്ത്. എന്നാൽ ഇത് എന്റേതല്ല. ഞാനൊരു കോക്ക്ടെയ്ൽ ഉണ്ടാക്കാൻ ശ്രമിക്കുന്നയാൾ മാത്രമാണ്. അതിന് രുചിയുണ്ടോ തലയ്ക്ക് പിടിക്കുമോ എന്ന് വായനക്കാർ തീരുമാനിക്കട്ടെ. ഇതിലൊരു കഥയും ഞാനുണ്ടാക്കിയതല്ല, മറ്റുള്ളവർ തന്നതാണ്. ഞാൻ വായിച്ച എല്ലാ പുസ്തകങ്ങളുടെയും കണ്ട മനുഷ്യരുടെയും സ്വാധീനം ഇതിലുണ്ട്. ഈ പുസ്തകം അപ്പാടെ കോപ്പിയടിച്ചതാണെന്ന് ആരെങ്കിലും ആരോപിച്ചാലും ഞാൻ രണ്ടുകൈയും ഉയർത്തി കീഴടങ്ങും.

ചേറും ദ്രവിച്ച കണ്ടൽമരങ്ങളും തോടുകളുടെ വലപ്പടർപ്പും നിറഞ്ഞ പുഞ്ചനിലങ്ങളിൽ വലിയ മീൻപിടുത്തക്കാരുണ്ടായിരുന്നു. കാവാലം വിശ്വനാഥപ്പണിക്കരും തകഴി ശിവശങ്കരപ്പിള്ളയും മുട്ടൻ വരാലുകളെയും മുഷികളെയും വാളകളെയും പിടിച്ചുതീർത്തു. വേറേയും ഒരുപാടാളുകൾ അരിച്ചരിച്ച് ഇപ്പോഴിവിടെ മീനുകൾ കുറവാണ്. ഞാൻ നല്ല മീൻപിടുത്തക്കാരനല്ല. കൂട്ടുകാർ ചെറുപ്പത്തിൽ വീശുവലകളുമായിറങ്ങുമ്പോൾ ഞാൻ ചരുവവുമായി പിന്നാലെപോകും, മീൻ പെറുക്കിയിടാൻ. പക്ഷേ, കരയ്ക്കിട്ട മീനുകളും ഞാൻ പിടിച്ചാൽ അമരില്ല. കാരികൾ വിരലിനിട്ട് കുത്തും. ഇതെഴുതിയപ്പോഴും എനിക്ക് ഒരുപാട് കുത്ത് കിട്ടി.

മീശ എഴുതിയതിനും പ്രസിദ്ധീകരിച്ചതിനും പിന്നിൽ ഒരുപാട് പേരോട് കടപ്പാടുകളുണ്ട്. ചിലരെ ഓർമ്മിക്കുന്നു. ഈരയിലുള്ള വാസുദേവൻ ചേട്ടൻ, സൗവാച്ചൻ, പി. ജി. പത്മനാഭൻ, രാജീവ് പള്ളിക്കോണം, അനുഷ് സോമൻ, ദാസ് ഈര, കെൻസ് ഇല്ലിക്കളം, സി പി എം നേതാവ് സഖാവ് ആനന്ദക്കുട്ടൻ, ജയകുമാർ, ഉണ്ണിക്കൃഷ്ണൻ കിടങ്ങൂർ, ഉണ്ണി ആർ, എം. ആർ. രേണുകുമാർ, റ്റോം കരികുളം, യേശുദാസ്, സഞ്ജു സുരേന്ദ്രൻ, സുബി, ശ്രീകുമാർ, മനില, എന്റെ ഭാര്യ വിവേക...

പ്രസിദ്ധീകരിക്കും മുൻപ് വായിച്ച് അഭിപ്രായം പറഞ്ഞ ആത്മമിത്രങ്ങളുണ്ട്. അവർക്ക് നന്ദി.

ഈ കൃതിയെക്കുറിച്ച് പില്ക്കാലം തിരിഞ്ഞുനോക്കുമ്പോൾ ഞാൻ ഓർമ്മിക്കുന്ന പേര് കമൽറാം സജീവിന്റേതായിരിക്കും. മഹിമ പറയാനില്ലാത്തവർക്ക് ഇടം നല്കുന്നതാണ് അദ്ദേഹത്തിന്റെ ദൗത്യം. നന്ദി.

ഒരു വലിയ സങ്കടമുണ്ട്. കെ. ഷെരീഫ് മുഴുവൻ വരച്ചുകാണാൻ ആഗ്രഹമുണ്ടായിരുന്നു. ചില ചിത്രങ്ങൾ നമ്മുടെ ഓർമ്മകളിൽ മാത്രം പൂർത്തിയാകുമായിരിക്കും. അല്ലേ?

വൈകാരികതയടങ്ങി സമൂഹം പാകപ്പെടുമ്പോൾ നോവൽ പുറത്തിറക്കുമെന്നാണ് നേരത്തേ പറഞ്ഞിരുന്നത്. അത്രയുമായില്ലെങ്കിലും പിന്തുണ നല്കിയ പൊതുസമൂഹത്തോടും ജനാധിപത്യസർക്കാരിനോടും എനിക്ക് ബാദ്ധ്യതയുണ്ട്. അതുകൊണ്ടാണിത് ഇപ്പോൾത്തന്നെ പുറത്തിറക്കുന്നത്.

ഈ നോവലിന്റെ രചനാഘട്ടത്തിൽ തുടക്കം മുതൽക്കുതന്നെ പുസ്തകരൂപത്തിലാക്കാൻ സമ്മതമറിയിക്കുകയും പ്രശ്നങ്ങൾക്കു നടുവിലും മുൻകൈയെടുത്ത് പ്രസിദ്ധീകരിക്കുകയും ചെയ്ത ഡി സി ബുക്സിന് നന്ദി.

ഇത്രയുമെഴുതിക്കഴിഞ്ഞപ്പോൾ ഈ ലോകം വളരെ നല്ലതാണെന്ന് തോന്നുന്നു. ഉപദ്രവിച്ചവർക്കും ഉമ്മ. സ്നേഹത്തോടെ,

**എസ്. ഹരീഷ്**